LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ മുൻഗണന

5 [3142] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെട്ട വർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ മുൻഗണന ഏർപ്പെടുത്തിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ ഈ മുൻഗണന നിലനിറുത്തിയിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മുൻഗണന നിറുത്തലാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ അതു സംബന്ധിച്ച് നൽകിയിട്ടുള്ള ഉത്തരവിന്റെ പകർപ്പുസഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങൾക്ക് നൽകി വന്നിരുന്ന മുൻഗണന പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) 6-8-1988-ലെ കെ. എസ്. ഇ. ബി. ഉത്തരവ് നമ്പർ റഗു. ജി1/9246/88 പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെട്ടവർക്ക് മുൻഗണനാടിസ്ഥാനത്തിൽ ഗാർഹിക കണക്ഷനുകൾ നൽകുന്നുണ്ട്.

(സി) ഉണ്ട്.

(ഡി—എഫ്) ഇല്ല.

പാലക്കാട് ജില്ലയിലെ ഗ്രാമീണ ഗോത്രവർഗ്ഗക്കാരുടെ വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകാൻ നടപടി

6 [3143] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഗ്രാമീണ ഗോത്രവർഗ്ഗമായ കുറുമ്പൻ വിഭാഗത്തിൽപ്പെട്ട വരുടെ 332 വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്ക് എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?